## അക്കാഡമിക്ക് നിലവാരം ഉയർത്താൻ പദ്ധതി

89(2952) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.റ്റി.ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അക്കാഡമിക്ക് നിലവാരം ഉയർത്താൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) അക്കാഡമിക് നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായുള്ള കർമ്മപരിപാടികളാണ് വിവിധ സ്കീമുകളിലൂടെ നടപ്പിലാക്കിവരുന്നത്. അദ്ധ്യാപകർക്ക് പരിശീലനം, ക്ലസ്റ്റർതല പരിശീലനം, ഇന്റേണൽ റിപ്പോർട്ട് മിഷൻ, തത്സ്ഥല പിന്തുണ സംവിധാനം, മികച്ച ബോധനക്രമം തുടങ്ങിയവ സ്വീകരിച്ചുവരുന്നു.

## സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി

90(2953) ശ്രീ. സി.ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കണക്കാക്കി ഉച്ചഭക്ഷണ നിരക്ക് വർദ്ധിപ്പിക്കണമെന്ന സംസ്ഥാന മോണിറ്ററിംഗ് സമിതിയുടെ ശിപാർശ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമിതിയുടെ ശിപാർശകൾ നടപ്പാക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) ഒന്നു മുതൽ എട്ടു വരെയുള്ള എത്ര സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നുണ്ട് ;

(സി) പ്രസ്തുത പദ്ധതിക്കായി ഓരോ കുട്ടിക്കും എത്ര രൂപ വീതം നൽകുന്നുണ്ട്; തുക അപര്യാപ്തമായതിനാൽ ഉച്ച ഭക്ഷണ പരിപാടി പ്രതിസന്ധിയിലേക്ക് നീങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത നടപടിയാണുള്ളത് ?

GPM. 2/241/2020-19

LIBRARY ARCHIVES Kerala Legislative Assembly